No.MD-7/2019

# ദൈവകൃപയാൽ

അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും പരിശുദ്ധ പത്രോസിൻെറ ശ്ലൈഹീക സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി സഭയുടെ മൈലാപ്പൂർ ഭദ്രാസനത്തിൻെറ

**ഐസക്ക് ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും.**

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മൈലാപ്പൂർ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലെയും ബഹുമാനപ്പെട്ട വികാരിയ്ക്കും, കൈക്കാരന്മാർക്കും, ഭരണസമിതി അംഗങ്ങൾക്കും, പ്രത്യേകാൽ യൂത്ത് അസ്സോസ്സിയേഷൻ പ്രവർത്തകർക്കും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യവാന്മാർക്ക് കർത്താവിൽ വാഴ്വ്

പ്രിയരെ സസ്നേഹം അറിയിക്കുന്നത്

പരിശുദ്ധ സഭയുടെ അനുഗ്രഹവും അഭിമാനവുമായ യുവജനപ്രസ്ഥാനം മൈലാപ്പൂർ ഭദ്രാസനത്തിൽ കൂടുതൽ കരുത്ത് ആർജ്ജിക്കുന്നതിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആദ്ധ്യാത്മീകമേഖലയിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഓരോ ഇടവകകളും കേന്ദ്രീകരിച്ച് യൂത്ത് അസ്സോസ്സിയേഷൻ പ്രവർത്തകർ നിർവ്വഹിക്കുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഭദ്രാസനത്തിലെ മൂന്ന് മേഖലകളിലേയും യൂത്ത് അസ്സോസ്സിയേഷൻ പ്രവർത്തകരെ ഒരുമിച്ച് കൂട്ടുക എന്ന വലിയ ഉദ്യമം സാക്ഷാത്കരിക്കപ്പെടുന്നു. ദൈവഹിതമായാൽ 2019 ഒക്ടോബർ 7,8 (തിങ്കൾ, ചൊവ്വ) തിയതികളിൽ ഭദ്രാസനാടിസ്ഥാനത്തിൽ **"സബ്റോ-2019"** ദ്വിദിന ക്യാമ്പ് നടത്തുവാനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു. സെക്കന്തരാബാദ് മോർ ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്ന പ്രസ്തുത ക്യാമ്പിൽ നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും യൂത്ത് അസ്സോസ്സിയേഷൻ പ്രവർത്തകർ നിർബന്ധമായും സംബന്ധിക്കണം. അതാത് ഇടവകകൾ പങ്കെടുക്കുന്നവരുടെ യാത്രയ്ക്കുള്ള ക്രമീകരണം ചെയ്യേണ്ടതാണ്. പൊതു അവധി ദിവസങ്ങൾ ആയതിനാൽ നേരത്തെ തന്നെ ക്രമീകരണങ്ങൾ ചെയ്തു കൊള്ളണം. യൂത്ത് അസ്സോസ്സിയേഷൻ ഭദ്രാസന വൈസ്പ്രസിഡൻറ് ബഹുമാനപ്പെട്ട എബി പോൾ കശ്ശീശയെ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. ക്യാമ്പിൻെറ വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം.

**ശേഷം പിന്നാലെ**

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമർത്തമറിയം അമ്മയുടേയും ശ്ലീഹന്മാരുടെ തലവനായ മോർ പത്രോസിൻേറയും ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ **ആമ്മീൻ**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ................**

**ഐസക്ക് ഒസ്താത്തിയോസ് മെത്രാപ്പോലീത്ത**

രട്ടേരി സെൻറ് മേരീസ് പള്ളിയിൽ നിന്നും.
2019 ആഗസ്റ്റ് മാസം 23-ാം തിയ്യതി